LIBRARY ARCHIVES Kerala Legislative Assembly

ബസ് ബേകൾ നിർമ്മിക്കാൻ നടപടി

244 (1288) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പാതകളിൽ ബസ്സുകൾ റൺവേയിൽ തന്നെ നിർത്തി യാത്രക്കാരെ കയറ്റുന്നതും ഇറക്കുന്നതും ഗതാഗത തടസ്സം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാന പാതയിലെ ബസ് വെയിറ്റിംഗ് ഷെഡ്കൾക്ക് ബസ് ബേകൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) സ്റ്റേറ്റ് ഹൈവേ പരിഷ്കരണ സമയത്ത് ബസ്സ് ബേകൾ നിർബന്ധമായും ഉണ്ടാകണമെന്ന് നിർദ്ദേശിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സ്ഥല ലഭ്യതയനുസരിച്ച് ബസ്സ് വെയിറ്റിംഗ് ഷെഡ്കൾക്ക് ബസ് ബേകൾ നിർമ്മിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പ്രവൃത്തികൾ

245 (1289) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എത്ര പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ നിശ്ചിത സമയത്ത് തന്നെ പൂർത്തിയാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കെ.എസ്.സി.സി. ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക് സബ് കരാറുകൾ നൽകാറുണ്ടോ ; എങ്കിൽ സബ് കരാറുകൾ നൽകുമ്പോൾ എന്തെങ്കിലും അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം കോർപ്പറേഷന്റെ ലാഭം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രൈവറ്റ് കരാറുകാർക്ക് ആനുകൂല്യം നൽകുന്നതിനായി കോർപ്പറേഷന്റെ നിയമത്തിൽ ഭേദഗതി വരുത്തിയത് കോർപ്പറേഷനെ നഷ്ടത്തിലാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) കോർപ്പറേഷന് നൽകാറുള്ള 10% വേരിയേഷൻ നിർത്തലാക്കിയതു കൊണ്ട് സർക്കാരിന് എത്ര ലാഭം ഉണ്ടായിയെന്ന് വ്യക്തമാക്കുമോ ?